Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2025/1631 (2)

തീയതി : 29.03.2025

## സർക്കുലർ

വിഷയം:- കൈറ്റ് – പ്രൈമറി ഹൈടെക് ലാബ് പദ്ധതി – ലാപ്ടോപ്പുകളുടെയും പ്രൊജക്ടറുകളുടെയും AMC – പരാതികളുണ്ടെങ്കിൽ അടിയന്തിരമായി രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- ഈ ഓഫീസിലെ KITE/2024/1631 (2) നമ്പരായുള്ള 30.08.2024 ലെ സർക്കുലർ.

പ്രൈമറി ഹൈടെക് ലാബ് പദ്ധതി പ്രകാരം സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾക്കും പ്രൊജക്ടറുകൾക്കും 2025 ഓഗസ്റ്റ് 31 വരെ AMC സംവിധാനം സൂചന പ്രകാരം കൈറ്റ് ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഈ സംവിധാനത്തിന്റെ തുടർച്ച സംബന്ധിച്ച് സ്കൂളുകളിൽ വിശദമായ ഓഡിറ്റ് നടത്തേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അതിനു പുറമെ ഏപ്രിൽ-മെയ് മാസങ്ങളിൽ രജിസ്ട്രേഷൻ കാര്യമായി കാണുന്നുമില്ല. ഈ സാഹചര്യത്തിൽ 2025 ഏപ്രിൽ-മെയ് മാസങ്ങളിൽ ലാപ്ടോപ്പുകളുടെയും പ്രൊജക്ടറുകളുടെയും AMC പരിരക്ഷ താൽക്കാലികമായി സസ്പെൻഡ് ചെയ്യാനും, വിശദമായ ഓഡിറ്റ് നടത്തി മാത്രം പുനഃരാരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ Complaint registration സംവിധാനവും ലാപ്ടോപ്പുകൾക്കും പ്രൊജക്ടറുകൾക്കും 2025 ഏപ്രിൽ 1 മുതൽ മെയ് 31 വരെ ലഭ്യമാകില്ല. ആയതിനാൽ എല്ലാ പ്രൈമറി സ്കൂൾ പ്രഥമാധ്യാപകരും 2025 മാർച്ച് 31 നകം പ്രസ്തുത ലാപ്ടോപ്പുകൾക്കും പ്രൊജക്ടറുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അടിയന്തിരമായി അത് ഓൺലൈൻ പോർട്ടലിൽ (kite.kerala.gov.in/support) രജിസ്റ്റർ ചെയ്യേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ്. പ്രൈമറി വിഭാഗം സ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേക്ക്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർ/ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും
സ്റ്റോക്ക് ഫയൽ